I ഇ.ബി. XII-കേരള നിയമസഭ /VI-3

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 6, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## പ്രസ്താവന

03-09-2007-ന് മന്ത്രിസഭയിൽനിന്ന് രാജി വയ്ക്കാനിടയായ സാഹചര്യം സംബന്ധിച്ച് റൂൾ 64 അനുസരിച്ച് ശ്രീ. ടി.യു. കുരുവിള പ്രസ്താവന നടത്തി.

## അടിയന്തിരപ്രമേയം

കെ.പി.സി.സി. പ്രസിഡന്റിനും കോൺഗ്രസ്സ് നേതാക്കൾക്കും
നേരെയുണ്ടായ ആക്രമണം

മി. സ്പീക്കർ : മെർക്കിസ്റ്റൺ എസ്റ്റേറ്റും പുറമ്പോക്ക് ഭൂമിയും പൊൻമുടിയിൽ നിർമ്മിക്കുന്ന ഹെലിപ്പാടും സന്ദർശിക്കാനെത്തിയ കെ.പി.സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള സംഘത്തെ തൊഴിലാളികളെന്ന പേരിൽ ഒരു സംഘം ആളുകൾ ഉപരോധിക്കുകയും അപകടപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, അബ്ദുറഹിമാൻ രണ്ടത്താണി, റോഷി അഗസ്റ്റിൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) 05-09-2007-ന് രാവിലെ 10.00 മണിയോടെ പൊൻമുടിയിൽ ഐ.എസ്.ആർ.ഒ.യുടെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് ടെക്നോളജിക്കായി തെരഞ്ഞെടുത്ത സ്ഥലം സന്ദർശിച്ചശേഷം മെർക്കിസ്റ്റൺ എസ്റ്റേറ്റിനു സമീപം മുറിച്ചിട്ടിരുന്ന മരങ്ങൾ നോക്കുന്നതിന് എസ്റ്റേറ്റ് ബംഗ്ളാവിനുമുന്നിലെത്തിയ കെ.പി.സി.സി. പ്രസിഡന്റ്, ശ്രീ. ജി. കാർത്തികേയൻ, ശ്രീ.വി.എസ്. ശിവകുമാർ, ശ്രീ. തലേക്കുന്നിൽ ബഷീർ തുടങ്ങി 50-ഓളം വരുന്ന കോൺഗ്രസ്സ് പ്രവർത്തകരുടെ അടുത്തേയ്ക്ക് ചെന്ന എസ്റ്റേറ്റ് എം.ഡി. ശ്രീ. സേവി മനോ മാത്യുവിനെ കോൺഗ്രസ്സ് പ്രവർത്തകരിൽ ചിലർ സംസാരിക്കാൻ അനുവദിക്കാതിരുന്നതിനെത്തുടർന്ന് വാക്കുതർക്കവും ഉന്തും തള്ളും ഉണ്ടായി. തുടർന്ന് ആ സ്ഥലത്തേയ്ക്ക് പോകാതെ മടങ്ങിയ സംഘം പി.ഡബ്ള്യു.ഡി. ക്യാമ്പ് ഷെഡ്ഡിൽവന്ന് പത്ര സമ്മേളനം നടത്തുമ്പോൾ എസ്റ്റേറ്റിലെ സൈറൺ മുഴക്കി പണി നിർത്തിവച്ച് മാനേജർ, അസിസ്റ്റന്റ് മാനേജർ എന്നിവരുടെ നേതൃത്വത്തിൽ വനിതകൾ ഉൾപ്പെടെ 75-ഓളം തൊഴിലാളികൾ അവിടെ എത്തുകയും എം.ഡി.യെ പിടിച്ചുനിർത്തിയത് എന്തിനാണെന്ന് ചോദിച്ച് വാക്കുതർക്കമുണ്ടാക്കുകയും പോലീസെത്തി തൊഴിലാളികളെ പറഞ്ഞുവിടുകയും ചെയ്തു. പി.ഡബ്ള്യു.ഡി. ക്യാമ്പ് ഷെഡ്ഡിനു പുറത്തുള്ള പരിമിതമായ സ്ഥലത്ത് വണ്ടികൾ പാർക്ക് ചെയ്തിരുന്നതിനാലും തൊഴിലാളികൾ വന്ന ട്രാക്ടർ

ഇടുങ്ങിയ റോഡിൽ കിടന്നതിനാലും കെ.പി.സി.സി. പ്രസിഡന്റിനും സംഘത്തിനും അല്പസമയത്തെ തടസ്സമുണ്ടായി. ഇതുസംബന്ധിച്ച് കോൺഗ്രസ്സ് നേതാക്കളിൽനിന്നും ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. സംഘത്തിൽപ്പെട്ട ആരേയും വഴിതടഞ്ഞ് അപായപ്പെടുത്താൻ ശ്രമിക്കുകയോ ആക്രമിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെ ഇപ്പോൾ സംഘർഷാവസ്ഥ നിലനിൽക്കുന്നില്ല. പ്രശ്നം ഇന്നലെത്തന്നെ തീർന്നിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ.കെ.സി. വേണുഗോപാൽ : 2001-ൽ സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി സംബന്ധിച്ച വിവാദത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻവേണ്ടിയാണ് കെ.പി.സി.സി. പ്രസിഡന്റും മറ്റ് നേതാക്കളും മെർക്കിസ്റ്റൺ എസ്റ്റേറ്റും പ്രസ്തുത ഭൂമിയും സന്ദർശിക്കാൻ പോയത്. സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയിലാണ് എസ്റ്റേറ്റ് ബംഗ്ലാവ് സ്ഥിതി ചെയ്യുന്നത്. മരം മുറിച്ചിട്ടിരിക്കുന്നത് കാണാൻ അവിടെയെത്തിയ ഈ സംഘത്തോട് ശ്രീ. സേവി മനോ മാത്യു വിശദീകരണം നടത്താൻ ശ്രമിച്ചപ്പോൾ സംഘർഷം ഒഴിവാക്കാൻവേണ്ടി അത് കേൾക്കാൻ തയ്യാറാകാതെ അവർ ഹെലിപ്പാഡ് സന്ദർശിക്കാൻ പോയി. സന്ദർശനം കഴിഞ്ഞ് പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ തിരിച്ചെത്തി പത്ര സമ്മേളനം കഴിഞ്ഞ് പുറത്തിറങ്ങുമ്പോഴാണ് സൈറൺ മുഴക്കി തൊഴിലാളികളെ വരുത്തുകയും അവർ അസഭ്യം പറഞ്ഞുകൊണ്ട് മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും കയ്യേറ്റം ചെയ്യുകയും ചെയ്തത്. അര മണിക്കൂർ നേരം സംഘത്തെ അവിടെ തടഞ്ഞുനിർത്തി സംഘർഷാവസ്ഥ ഉണ്ടാക്കിയിട്ടും തൊട്ടടുത്ത പൊന്മുടി സ്റ്റേഷനിൽനിന്നും പോലീസ് എത്തിയില്ല.

കോൺഗ്രസ്സ് നേതാക്കൾ അവിടെ സന്ദർശിക്കുന്ന വിവരം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും പൊൻമുടി പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചിട്ടില്ലെന്ന് പറയുന്നതിൽ ന്യായീകരണമില്ല. ഗവൺമെന്റിൽ നിക്ഷിപ്തമായ ഭൂമിയിൽ സ്വകാര്യവ്യക്തിക്ക് അവകാശമുണ്ടെന്ന് വ്യാഖ്യാനിച്ചിരിക്കുകയാണ്. ശ്രീ. സേവി മനോ മാത്യുവിന്റെ ഡി-നോട്ടിഫിക്കേഷൻ ആപ്ളിക്കേഷൻ വളരെ വേഗതയിൽ കൈകാര്യം ചെയ്തിരിക്കുന്നതായി കാണാം. ഗവൺമെന്റിന്റെ ഒത്താശയോടെയാണ് ഈ ക്രമക്കേടുകൾ നടത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണം. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അവിടെ അടിയന്തിര സാഹചര്യമോ സംഘർഷാവസ്ഥയോ ഉള്ളതായി ശ്രീ. കെ.സി.വേണുഗോപാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. .ഇന്നലത്തെ സംഭവത്തിൽ കെ.പി.സി.സി. പ്രസിഡന്റിനെ അപായപ്പെടുത്താൻ ശ്രമിച്ചതായോ ആരെയെങ്കിലും ദേഹോപദ്രവമേൽപ്പിച്ച തായോ അദ്ദേഹം പറഞ്ഞില്ല. മാത്രമല്ല, സ്ഥലം സന്ദർശിച്ച ഡിവൈ.എസ്.പി.യോട് യാതൊരു പരാതിയുമില്ലെന്നാണ് ഇന്നലെ പറഞ്ഞത്. ഈ സാഹചര്യത്തിൽ ഈ സംഭവത്തെക്കുറിച്ച് കേസ് എടുക്കാൻ സാധിക്കുമായിരുന്നില്ല. ശ്രീ. ജി. കാർത്തികേയന് എന്തെങ്കിലും പരാതി ഉണ്ടായിരുന്നെങ്കിൽ ടെലിഫോണിൽ വിളിച്ച് എന്നോട് സംസാരിക്കാമായിരുന്നു. അത് അദ്ദേഹം ചെയ്തില്ല. ഇതു സംബന്ധിച്ച് ഒരു പരാതിയും പോലീസിന് കിട്ടിയിട്ടില്ല. യു.ഡി.എഫ്. നേതാക്കളെ അവിടെ ഒന്നര മണിക്കൂർ തടഞ്ഞുവച്ചു എന്നാണ് ശ്രീ. കെ.സി. വേണുഗോപാൽ

പറഞ്ഞത്. ഈ പ്രശ്നം ഉണ്ടായപ്പോൾ ഒരു പരാതി തന്നിരുന്നുവെങ്കിൽ അന്വേഷിച്ച് നടപടി എടുക്കാമായിരുന്നു. അതൊന്നും ചെയ്യാതെ രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഒരു വിഷയമാണിത്. ഓരോ മന്ത്രിക്കുമെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാകുകയില്ല. ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സൗത്ത് സോൺ എ.ഡി.ജി.പി.യെ ചുമതലപ്പെടുത്തുകയാണ്. ഈ വിഷയം സഭാനടപടികൽ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ:</u> ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഈ സംഭവത്തെ വളരെ ലഘൂകരിച്ച് കാണിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഞങ്ങൾ പ്രസ്തുത സ്ഥലം സന്ദർശിക്കാൻ പോകുന്ന വിവരം എല്ലാ പത്രങ്ങളിലും ഉണ്ടായിരുന്നു. ഞാൻ പരാതി കൊടുക്കാതെ തന്നെ എന്താണ് അവിടെ സംഭവിച്ചതെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് എന്നോട് ടെലിഫോണിൽ വിളിച്ച് ചോദിക്കാമായിരുന്നു. അരമണിക്കൂർ ഞങ്ങളെ അവിടെ തടഞ്ഞുവച്ചു. സംഭവമെല്ലാം കഴിഞ്ഞ് ഞങ്ങൾ വിതുരയിൽ എത്തിയപ്പോഴാണ് ഡിവൈ.എസ്.പി. സംഭവസ്ഥലത്തേയ്ക്ക് വരുന്നത്. പോലീസിന്റെ ഭാഗത്തുനിന്ന് നിരുത്തരവാദപരമായ പെരുമാറ്റമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> അവിടെ നടന്ന സംഭവത്തെക്കുറിച്ച് ടെലിഫോണിൽ വിളിച്ച് അദ്ദേഹത്തോട് ചോദിക്കണമായിരുന്നു എന്നാണ് പറഞ്ഞത്. ഇനിമേലിൽ അങ്ങനെ ചെയ്യാം.

ഏതായാലും ഇക്കാര്യത്തിൽ എ.ഡി.ജി.പി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിക്കാം.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മന്ത്രിമാർക്കെതിരെ പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആരോപണങ്ങളെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വളരെ നിസ്സാരമായി ചിത്രീകരിക്കുന്നത് ശരിയല്ല. കെ.പി.സി.സി. പ്രസിഡന്റിനേയും ശ്രീ. ജി. കാർത്തികേയനേയും മറ്റ് യു.ഡി.എഫ്. നേതാക്കളേയും കുറെ നേരം തൊഴിലാളികൾ തടഞ്ഞുവച്ച വിവരം അങ്ങേയ്ക്ക് തന്നിട്ടുള്ള റിപ്പോർട്ടിൽത്തന്നെ പറഞ്ഞിട്ടുണ്ട്. പ്രശ്നങ്ങളെല്ലാം തീർന്ന് നേതാക്കളെല്ലാം പോയശേഷമാണ് പോലീസ് സംഭവസ്ഥലത്ത് എത്തിയത്. പോലീസിന്റെ നിരുത്തരവാദപരമായ ഈ പെരുമാറ്റത്തെ ലഘൂകരിച്ച് കാണിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. നേതാക്കളെ തടയാനുള്ള ധൈര്യം ഏത് സാഹചര്യത്തിലാണ് തൊഴിലാളികൾക്ക് ഉണ്ടായത് എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. ഈ സംഭവം കഴിഞ്ഞ് 24 മണിക്കൂർ ആയിട്ടും ഒരു നടപടിയും എടുത്തിട്ടില്ല. ഈ സംഭവത്തെ സംബന്ധിച്ച വാർത്ത ഇന്നലെ ദൃശ്യ-മാധ്യമങ്ങളും ഇന്ന് പത്രങ്ങളും വളരെ പ്രാധാന്യത്തോടുകൂടിയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോൺഫറൻസ് കൂടിയതും നേതാക്കളെ തടഞ്ഞതുമെല്ലാം തൊഴിലാളികളെ കരുവാക്കി അഴിമതി നടത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഐ.എസ്.ആർ.ഒ.യ്ക്ക് പങ്കുണ്ടെന്ന് മന്ത്രി പറഞ്ഞതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കട്ടെ. മന്ത്രി ഐ.എസ്.ആർ.ഒ. യുടെ നേരെ വിരൽ ചൂണ്ടുമ്പോൾ മുഖ്യമന്ത്രി പറഞ്ഞതെല്ലാം വാസ്തവവിരുദ്ധമാണെന്ന് തെളിയുകയാണ്.

(പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിക്കൊണ്ടിരിക്കവേ ഭരണ-പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് ബഹളം വച്ചുകൊണ്ടിരുന്നു. സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകണം, സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുൻപിൽ വന്ന് മുദ്രാവാക്യം വിളിച്ച് ബഹളം തുടർന്നതിനാൽ സ്പീക്കർ അജണ്ടയിലെ നിയമനിർമ്മാണ നടപടിയിലേയ്ക്ക് കടന്നു.)

## നിയമനിർമ്മാണകാര്യം

### ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2007-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2007-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2007-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ സാമൂഹ്യ സേവനം

എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: 2007-ലെ കേരള ആയൂർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ അനിരുദ്ധൻ: 2007-ലെ കേരള ആയൂർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള ആയൂർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (2) 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും

വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ബാബു പോൾ: 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ഭരണഘടനാപരമായ പരിരക്ഷയും പ്രത്യേക ആനുകൂല്യങ്ങളും അവകാശങ്ങളും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായി 1994-ൽ രൂപീകരിച്ച ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ 2000-ാമാണ്ട് സെപ്റ്റംബർ മാസത്തിൽ കേരളം സന്ദർശിച്ചപ്പോൾ ദേശീയ കമ്മീഷന്റെ മാതൃകയിൽ പട്ടികജാതി/പട്ടികഗോത്ര വർഗ്ഗങ്ങൾക്കായി

ഒരു കമ്മീഷൻ സംസ്ഥാനതലത്തിൽ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുമ്പോഴാണ് സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചത്. കമ്മീഷൻ രൂപീകരണം സജീവ പരിഗണനയിലാണെന്ന് സർക്കാർ കോടതിയെ അറിയിച്ചു. ഇതിന്റെ വെളിച്ചത്തിൽ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് 2001-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും 2001-2002-ലെ ബഡ്ജറ്റിലും വ്യക്തമാക്കിയിരുന്നു. അതിനുശേഷമാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഓർഡിനൻസിനു പകരമുള്ള ആക്ട് കൊണ്ടുവരുന്നതിനാണ് ബിൽ അവതരിപ്പിച്ചത്.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (3) 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ ഭൂ നികുതിയും വനവും മത്സ്യബന്ധനവും എന്ന II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ: 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ ഭൂ നികുതിയും വനവും മത്സ്യബന്ധനവും എന്ന II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.30-ന് പിരിഞ്ഞു.

************************